എ.വൈ.ആർ

സൂറ-11

# ഹൂദ്

قِيلَ يَٰنُوحُ ٱهْبِطْ بِسَلَٰمٍ مِّنَّا وَبَرَكَٰتٍ عَلَيْكَ وَعَلَىٰٓ أُمَمٍ مِّمَّن مَّعَكَ
وَأُمَمٌ سَنُمَتِّعُهُمْ ثُمَّ يَمَسُّهُم مِّنَّا عَذَابٌ أَلِيمٌ ﴿٤٨﴾

**48** ഉത്തരവുണ്ടായി: അല്ലയോ നൂഹ്. കപ്പലിറങ്ങിക്കൊള്ളുക. നിനക്കും നിന്നോടൊപ്പമുള്ള സമുദായങ്ങൾക്കും നമ്മിൽ നിന്നുള്ള സമാധാനവും അനുഗ്രഹങ്ങളുമുണ്ട്. ശേഷം ചില സമുദായങ്ങളുണ്ടാകും. അവർക്കും നാം സമൃദ്ധമായി വിഭവങ്ങളരുളും. പിന്നീട് അവരെ നമ്മിൽ നിന്നുതന്നെയുള്ള നോവേറിയ ശിക്ഷ ബാധിക്കുന്നതാകുന്നു.

تِلْكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهَآ إِلَيْكَ ۖ مَا كُنتَ تَعْلَمُهَآ أَنتَ وَلَا قَوْمُكَ مِن
قَبْلِ هَٰذَا ۖ فَٱصْبِرْ ۖ إِنَّ ٱلْعَٰقِبَةَ لِلْمُتَّقِينَ ﴿٤٩﴾

**49** പ്രവാചകാ, ഇതൊക്കെയും നാം നിന്നെ ബോധനം ചെയ്യുന്ന അജ്ഞാത വൃത്താന്തങ്ങളാകുന്നു. അതൊന്നും നീയോ നിന്റെ സമുദായമോ ഇതിനുമുമ്പ് അറിഞ്ഞിരുന്നില്ല. ആകയാൽ ക്ഷമിച്ചിരിക്കുക. അന്തിമവിജയം ധർമനിഷ്ഠർക്കു തന്നെയാകുന്നു.

وَإِلَىٰ عَادٍ أَخَاهُمْ هُودًا ۚ قَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ مَا لَكُم مِّنْ إِلَٰهٍ
غَيْرُهُۥٓ ۖ إِنْ أَنتُمْ إِلَّا مُفْتَرُونَ ﴿٥٠﴾

**50** ആദു വർഗത്തെ പ്രബോധനം ചെയ്യാൻ നാം അവരുടെ സഹോദരനായ ഹൂദിനെ നിയോഗിച്ചു. അദ്ദേഹം ഉദ്ബോധിപ്പിച്ചു: എന്റെ ജനമേ, അല്ലാഹുവിന് അടിമപ്പെടുവീൻ. അവനല്ലാതെ നിങ്ങൾക്കു ദൈവമേതുമില്ല. നിങ്ങൾ മിഥ്യകൾ ചമക്കുന്നവർ തന്നെയാകുന്നു.

يَٰقَوْمِ لَآ أَسْـَٔلُكُمْ عَلَيْهِ أَجْرًا ۖ إِنْ أَجْرِىَ إِلَّا عَلَى ٱلَّذِى فَطَرَنِىٓ ۚ أَفَلَا
تَعْقِلُونَ ﴿٥١﴾

**51** എന്റെ ജനമേ, എന്റെ ദൗത്യത്തിന് ഞാൻ നിങ്ങളോട് യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. എന്റെ പ്രതിഫലം എന്നെ സൃഷ്ടിച്ചവങ്കൽ മാത്രമാകുന്നു. നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കുന്നില്ലെയോ?

قِيلَ= പറയപ്പെട്ടു (ഉത്തരവുണ്ടായി) يَٰنُوحُ= അല്ലയോ നൂഹ്

ٱهْبِطْ= നീ (കപ്പൽ) ഇറങ്ങിക്കൊള്ളുക بِسَلَٰمٍ= സമാധാനത്തോടെ (ധാനവും)

مِّنَّا= നമ്മിൽ നിന്നുള്ള وَبَرَكَٰتٍ= അനുഗ്രഹങ്ങളോടെയും (ങ്ങളും ഉണ്ട്) عَلَيْكَ= നിന്റെ മേൽ

وَعَلَىٰٓ أُمَمٍ= സമുദായങ്ങളുടെ മേലും مِّمَّن مَّعَكَ= നിന്റെ കൂടെയുള്ളവരാൽ

وَأُمَمٌ= (ശേഷം) ചില സമുദായങ്ങൾ (ഉണ്ടാകും)

سَنُمَتِّعُهُمْ= നാം അവരെ സുഖിപ്പിക്കും (സമൃദ്ധമായി വിഭവങ്ങളരുളും)

ثُمَّ يَمَسُّهُم= പിന്നീട് അവരെ സ്പർശിക്കും (ബാധിക്കും) مِّنَّا= നമ്മിൽനിന്ന്

عَذَابٌ أَلِيمٌ= നോവേറിയ ശിക്ഷ تِلْكَ= അത് (ഇതൊക്കെയും)

مِنْ أَنۢبَآءِ ٱلْغَيْبِ= അജ്ഞാത വൃത്താന്തങ്ങളിൽ പെട്ടതാകുന്നു

نُوحِيهَآ إِلَيْكَ= അത് നാം നിനക്ക് ബോധനം ചെയ്യുന്നു(ന്ന)

مَا كُنتَ تَعْلَمُهَآ= അത് (ഒന്നും) അറിഞ്ഞിരുന്നില്ല أَنتَ= നീ(യോ)

وَلَا قَوْمُكَ= നിന്റെ സമുദായവും(മോ) അറിഞ്ഞിരുന്നില്ല مِن قَبْلِ= മുമ്പ് هَٰذَا= ഇതിനു

فَٱصْبِرْ= ആകയാൽ നീ ക്ഷമിച്ചിരിക്കുക

إِنَّ ٱلْعَٰقِبَةَ= തീർച്ചയായും അവസാന പരിണതി (അന്തിമ വിജയം)

لِلْمُتَّقِينَ= സൂക്ഷ്മതയുള്ളവർക്ക്, ധർമനിഷ്ഠയുള്ളവർക്ക് (തന്നെ)ആകുന്നു

وَإِلَىٰ عَادٍ= ആദു വർഗത്തിലേക്ക്(ത്തെ പ്രബോധനം ചെയ്യാൻ)

أَخَاهُمْ= അവരുടെ സഹോദരൻ(ആയ) هُودًا= ഹൂദിനെ(നിയോഗിച്ചു)

قَالَ= അദ്ദേഹം പറഞ്ഞു(ഉൽബോധിപ്പിച്ചു) يَٰقَوْمِ= എന്റെ ജനമേ

ٱعْبُدُوا۟ ٱللَّهَ= നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് ചെയ്യുവിൻ (അടിമപ്പെടുവിൻ)

مَا لَكُم= നിങ്ങൾക്കില്ല مِّنْ إِلَٰهٍ= ദൈവത്താൽ(വമേതും) غَيْرُهُۥٓ= അവനല്ലാതെ

إِنْ أَنتُمْ= നിങ്ങൾ അല്ല(തന്നെയാകുന്നു)

إِلَّا مُفْتَرُونَ= കള്ളം കെട്ടിച്ചമക്കുന്നവർ അല്ലാതെ (മിഥ്യകൾ ചമക്കുന്നവർ)

يَٰقَوْمِ= എന്റെ ജനമേ لَآ أَسْـَٔلُكُمْ= ഞാൻ നിങ്ങളോടു ചോദിക്കു(ആവശ്യപ്പെടു)ന്നില്ല

عَلَيْهِ= അതിന്മേൽ (എന്റെ ദൗത്യത്തിന്) أَجْرًا= (യാതൊരു) പ്രതിഫലം(വും)

إِنْ أَجْرِىَ= എന്റെ പ്രതിഫലം അല്ല

إِلَّا عَلَى ٱلَّذِى فَطَرَنِىٓ= എന്നെ സൃഷ്ടിച്ചവന്റെ മേൽ അല്ലാതെ (സൃഷ്ടിച്ചവങ്കൽ മാത്രമാകുന്നു)

أَفَلَا تَعْقِلُونَ= നിങ്ങൾ ഗ്രഹിക്കുന്നില്ലേ, ബുദ്ധിപൂർവം ചിന്തിക്കുന്നില്ലയോ?

**48:** കപ്പൽ ജൂദി മലയിൽ തങ്ങിയപ്പോൾ അതിൽ നിന്ന് പുറത്തിറങ്ങാൻ നൂഹിനും സംഘത്തിനും കൽപന കിട്ടി. മാസങ്ങളോളം നീണ്ട പ്രളയത്തിൽ സർവതും ചത്തു ജീർണിച്ച ഭൂമിയിലേക്കാണ് അവരിറങ്ങുന്നത്. തിന്നാൻ ധാന്യങ്ങളോ പഴങ്ങളോ ഇല്ല. വേട്ടയാടാൻ ജന്തുക്കളില്ല. പാർക്കാൻ വീടുകളില്ല. ഉടുക്കാൻ വസ്ത്രങ്ങളുമില്ല. സാധാരണ ഗതിയിൽ ഇല്ലായ്മയുടെയും യാതനകളുടെയും സാഗരത്തിലേക്കാണ് അവരിറങ്ങി വരുന്നത്. പക്ഷെ ഈ യാത്രികരുടെ കൈവശം അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് ക്ലേശിക്കേണ്ടി വന്നില്ല. അവരുടെ

ആവശ്യങ്ങളെല്ലാം അനായാസം പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരുന്നു.

അല്ലാഹു മനുഷ്യവംശത്തിൽ നല്ലവരായി ഉണ്ടായിരുന്നവരെ മാത്രം തെരഞ്ഞെടുത്തു ബാക്കി വന്ന ദുഷ്ടുകളെല്ലാം ഭൂമുഖത്തുനിന്നു തുടച്ചു മാറ്റിയിരുന്നു. നല്ലവർ മാത്രം അടങ്ങുന്ന ഭൂമിയിൽ നീതിയും ധർമവും പുഷ്കലമാവുകയും സത്യസംസ്കാരവും നാഗരികതയും തഴച്ചുവരുകയും ചെയ്യുക സ്വാഭാവികം. അവരിൽനിന്ന് നിരവധി സമുദായങ്ങളുണ്ടായി. ആ സമുദായങ്ങളിലും ധർമവും സമാധാനവും പുരോഗതിയും കളിയാടി. പല വിഭാഗങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് കുടിയേറി. ഇങ്ങനെ സമൃദ്ധിയും പുരോഗതിയും സ്വന്തമാക്കിയ സമുദായങ്ങളിൽ ചിലത് കാലാന്തരത്തിൽ നൂഹ്(അ) പ്രബോധനം ചെയ്ത തത്ത്വങ്ങളിൽനിന്നും ധർമോപദേശങ്ങളിൽ വ്യതിചലിക്കാൻ തുടങ്ങി. എങ്കിലും അവരുടെ സൗഖ്യത്തിനും പുരോഗതിക്കും കുറവുവന്നില്ല. അല്ലാഹു അവരിൽ പ്രവാചകന്മാരെ നിയോഗിച്ചു. പ്രവാചകന്മാരെ അനുസരിച്ചവർ നിലനിന്നു. അല്ലാത്തവർ പരാജയപ്പെട്ടു. ചിലർ ഉന്മൂലനം ചെയ്യപ്പെടുക തന്നെ ചെയ്തു. സത്യത്തെയും ധർമത്തെയും ധ്വംസിക്കുന്ന ചില സമുദായങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സ്വയം വീണ്ടെടുക്കാൻ അല്ലാഹു അവർക്ക് അവസരം നൽകിയിരിക്കുകയാണ്. വീണ്ടെടുക്കപ്പെടുന്നില്ലെങ്കിൽ അവരും ഭൂമിയിൽനിന്നു നിർമാർജനം ചെയ്യപ്പെടും. ഇതാണ് ഈ സൂക്തം ഉൾക്കൊള്ളുന്ന ആശയം.

നൂഹ് നബിക്ക് കൻആനെ കൂടാതെ സാം, ഹാം, യാഫിത് എന്നീ ആൺമക്കൾ കൂടി ഉണ്ടായിരുന്നു. വിശ്വാസികളായ അവരും അവരുടെ ഭാര്യമാരും മക്കളുമെല്ലാം കപ്പലിൽ കയറി രക്ഷപ്പെട്ടു. ഇന്നു ലോകത്തുള്ള മനുഷ്യരഖിലം ഈ മൂന്നുപേരുടെ സന്തതികളാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. മഹാപ്രളയകാലത്ത് കപ്പലിൽ കയറാത്തവരെല്ലാം മരിച്ചൊടുങ്ങി എന്നതും ഇന്നുള്ള മനുഷ്യരെല്ലാം കപ്പലിൽ കയറി രക്ഷപ്പെട്ടവരുടെ പിൻഗാമികളാണ് എന്നതും സത്യം തന്നെ. എന്നാൽ അവർ ഈ മൂന്നു പേരുടെ മാത്രം പിന്മുറക്കാരാകുന്നു എന്ന് പറയുന്നത് സൂക്ഷ്മമല്ല. ബൈബിൾ അങ്ങനെ സൂചിപ്പിക്കുന്നുണ്ടെങ്കിലും ഖുർആനിൽ അതില്ല. മറിച്ചുള്ള സൂചനയുണ്ട്താനും. നൂഹ് നബിയുടെ മൂന്ന് മക്കളുടെ പിൻഗാമികളാണ് നിലവിലുള്ള മനുഷ്യരത്രയും എന്നുവെയ്ക്കുമ്പോൾ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന വിശ്വാസികൾക്കൊന്നും പിൻഗാമികളുണ്ടായില്ല എന്ന് കരുതേണ്ടിവരും. അല്ലെങ്കിൽ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന വിശ്വാസികൾ അദ്ദേഹത്തിന്റെ മക്കൾ മാത്രമായിരുന്നുവെന്ന് വരും. ഖുർആനിക പ്രസ്താവനകൾക്ക് നിരക്കുന്നതല്ല അത്. നിന്റെ കുടുംബത്തെയും വിശ്വാസികളായവരെയും കപ്പലിൽ കയറ്റുക. ......وأهلك ومن آمن ....... أحمل فيها എന്നതിന്റെ പ്രത്യക്ഷമായ അർഥം കുടുംബത്തെയും കുടുംബത്തിനു പുറത്തുള്ള വിശ്വാസികളെയും കപ്പലിൽ കയറ്റണമെന്നാകുന്നു. കൂടാതെ പ്രളയാനന്തര മനുഷ്യരെക്കുറിച്ച് 17:3ൽ ذُرِّيَّةَ مَنْ حَمَلْنَا مَعَ نُوحٍ നൂഹിന്റെ കൂടെ നാം കപ്പലിൽ കയറ്റിയവരുടെ സന്തതികൾ' എന്നും പ്രസ്താവിച്ചിരിക്കുന്നു. 19:58ൽ مِن ذُرِّيَّةِ ءَادَمَ وَمِمَّنْ حَمَلْنَا مَعَ نُوحٍ ആദം സന്തതികളിൽനിന്നും നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരുടെ സന്തതികളിൽനിന്നും– എന്നും പറഞ്ഞിരിക്കുന്നു. കപ്പലിൽ വഹിപ്പിക്കപ്പെട്ടത് നൂഹ് നബിയുടെ മക്കൾ മാത്രമായിരുന്നുവെങ്കിൽ نوح من ذرّيّة آدم ومن ذرّية എന്നു പറഞ്ഞാൽ മതിയാകുമായിരുന്നുവല്ലോ.

വിശ്വാസികളെല്ലാം നൂഹിന്റെ മൂന്നു പുത്രന്മാരുടെ നേതൃത്വത്തിൽ മൂന്നു ഗണമായി സംഘടിച്ചിരിക്കാം. ഓരോ ഗണവും അതിനു നേതൃത്വം കൊടുത്ത പുത്രന്റെ പേരിൽ അറിയപ്പെട്ടു. നേതാവിന്റെ മക്കളോടൊപ്പം മറ്റുള്ളവരും ആ ഗണത്തിൽ ഇഴുകിച്ചേരുകയും കാലക്രമത്തിൽ ആ പിതാവിന്റെ പേരിൽ അറിയപ്പെടുകയും ചെയ്തിരിക്കണം. ഈ ഗണങ്ങളിൽ നിന്നുരുത്തിരിഞ്ഞ ഗോത്രങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സഞ്ചരിക്കുകയും കുടിയേറിപ്പാർക്കുകയും ചെയ്തു.

ഒരു മഹാ പ്രളയത്തെക്കുറിച്ചുള്ള പുരാണേതിഹാസം ലോകത്ത് ഏതാണ്ടെല്ലാ ജനവിഭാഗങ്ങളും പങ്കുവെക്കുന്നുണ്ട്. ആസ്ത്രേലിയ, അമേരിക്ക, ന്യൂഗിനി തുടങ്ങിയ വിദൂര ദേശങ്ങളിലുള്ള ജനങ്ങളിൽ വരെ പ്രളയ കഥ സുപരിചിതമാകുന്നു. യൂഫ്രട്ടീസ്–ടൈഗ്രീസ് പ്രദേശങ്ങളിൽ പുരാതന കാലത്ത് ഒരു പ്രളയമുണ്ടായതിന്റെ അടയാളങ്ങൾ ഈ പ്രദേശത്തിന്റെ ചരിത്ര രേഖകളിലും പുരാവസ്തുക്കളിലും ഖനന ഗവേഷണങ്ങളിലും കണ്ടെത്തിയിട്ടുണ്ട്. ലോകത്തിന്റെ മറ്റു ഭാഗങ്ങളിലൊന്നും അത്തരം അടയാളങ്ങൾ കാണപ്പെടുന്നില്ല. ഇത് രണ്ടു കാര്യങ്ങൾ സൂചിപ്പിക്കുന്നു. ഒന്ന്, എല്ലാ ജനവിഭാഗങ്ങളും പങ്കുവെക്കുന്ന പൗരാണിക മഹാപ്രളയം ഒന്നാണ്. മരുഭൂമിയിൽ യൂഫ്രട്ടീസ്–ടൈഗ്രീസ് തടങ്ങളിൽ ആവാസമുറപ്പിച്ചിരുന്ന മനുഷ്യവർഗം ഈ മഹാപ്രളയാനന്തരമാണ് ഭൂമിയുടെ നാനാ ദിക്കുകളിലേക്ക് വ്യാപിച്ചത്.

**49:** നൂഹ് ജനതയുടെ കഥ അവസാനിച്ച ശേഷം നടത്തുന്ന ഈ പ്രസ്താവനക്ക് വിശാലമായ അര്‍ഥ തലങ്ങളുണ്ട്. നൂഹിന്റെ(അ) കാലത്തെ പ്രളയത്തിന്റെയും പെട്ടകത്തിന്റെയും കഥ യഹൂദര്‍ക്കും ക്രൈസ്തവര്‍ക്കും പരിചിതമായിരുന്നുവെങ്കിലും അറബികളില്‍ അത് വിസ്മൃതമായിരുന്നു. ഓര്‍ത്തിരുന്നുവെങ്കില്‍ തന്നെ പൗരാണിക കാലത്ത് ഒരു മഹാപ്രളയമുണ്ടായിട്ടുണ്ട് എന്നല്ലാതെ, അതിന്റെ കാരണം ആ ജനതയുടെ ധര്‍മഭ്രംശവും ദൈവധിക്കാരവുമായിരുന്നുവെന്ന -അതാണല്ലോ ആ ചരിത്രത്തിന്റെ പാഠം- കാര്യം അവര്‍ക്കജ്ഞാതമായിരുന്നു. ഈ സാഹചര്യത്തിലാണ് മുഹമ്മദ് നബി ആ കഥ അതിന്റെ സാരാംശത്തോടൊപ്പം അറബികളെ കേള്‍പ്പിക്കുന്നത്. പ്രവാചകന്മാരുടെ ഇത്തരം വെളിപ്പെടുത്തലുകളെ വ്യാജോക്തികളായി മുദ്രകുത്തുന്നതിനെക്കുറിച്ച് നേരത്തെ 35-ാം സൂക്തത്തില്‍ പ്രസ്താവിച്ചിട്ടുണ്ട്. അങ്ങനെ മുദ്രകുത്തുന്നില്ലെങ്കില്‍, പ്രവാചകന്‍ സത്യവാനാണെങ്കില്‍ - മുഹമ്മദ് നബി സത്യം മാത്രമേ പറയാറുള്ളൂ എന്ന് അവര്‍ക്കറിയാം- എവിടെനിന്നാണദ്ദേഹത്തിന് ഈ വിവരങ്ങള്‍ കിട്ടിയത്? അല്ലാഹുവിങ്കല്‍ നിന്നുള്ള സവിശേഷ ബോധനമല്ലാതെ മറ്റൊരു മാര്‍ഗവും അതിനില്ല. അതുകൊണ്ട് മുഹമ്മദ് നബിക്ക് അല്ലാഹുവിങ്കല്‍നിന്ന് സന്ദേശം ലഭിക്കുന്നു എന്നതിന്റെ അനിഷേധ്യമായ തെളിവുകൂടിയാണ് ഈ ചരിത്രാവതരണം. പ്രവാചകനെന്നപോലെ സമുദായത്തിനും സാധുവായ തെളിവാണിത്. ഇവിടെ സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും മുഴുവന്‍ ശ്രോതാക്കളെയും ലക്ഷ്യമാക്കിയുള്ളതാണ്. فَٱصۡبِرۡۖ إِنَّ ٱلۡعَٰقِبَةَ لِلۡمُتَّقِينَ നീ ക്ഷമിച്ചിരിക്കുക, അന്തിമ വിജയം ധര്‍മനിഷ്ഠര്‍ക്കു തന്നെയാകുന്നു എന്ന വാക്യം നൂഹ് നബിയുടെ ചരിത്രം നല്‍കുന്ന പാഠം ആറ്റിക്കുറുക്കിയെടുത്തതാണ്. വഴിപിഴച്ച സമൂഹത്തെ ധര്‍മമാര്‍ഗത്തിലേക്ക് നയിക്കാന്‍ ഒരു സഹസ്രാബ്ദ കാലത്തോളം നിരന്തരം പ്രയത്നിച്ചിട്ടും നൂഹ് നബിക്കു കഴിഞ്ഞില്ല. അതുകൊണ്ടു പക്ഷെ അദ്ദേഹത്തിന് ഒരു നഷ്ടവുമുണ്ടായില്ല. നഷ്ടമുണ്ടായതും നശിച്ചുപോയതും മാറാന്‍ കൂട്ടാക്കാത്ത സമൂഹമാണ്. നൂഹ് നബിയും സംഘവുമാകട്ടെ സര്‍വസംഹാരിയായ പ്രളയമുണ്ടായപ്പോഴും ഒരത്യാഹിതത്തിലും അകപ്പെടാതെ സുരക്ഷിതരായിരുന്നു. അദ്ദേഹത്തിന്റെ ക്ഷമയുടെയും സ്ഥൈര്യത്തിന്റെയും നേട്ടമാണത്. എക്കാലത്തും പ്രവാചകന്മാരുടെയും സത്യപ്രബോധകന്മാരുടെയും ശിഷ്യന്മാരുടെയും പരിണതി ഇതു തന്നെയാണ്. അതുകൊണ്ട് മുഹമ്മദ് നബി(സ)യോ അദ്ദേഹത്തിന്റെ ശിഷ്യന്മാരോ ഇപ്പോള്‍ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിബന്ധങ്ങളിലും പീഡനങ്ങളിലും നിരാശപ്പെടേണ്ടതില്ല. എല്ലാം ക്ഷമയോടെ നേരിട്ടുകൊണ്ട് സ്ഥൈര്യത്തോടെ മുന്നോട്ടു പോകണം. അവസാന വിജയം അവരുടേതു തന്നെയായിരിക്കും.

**50:** നൂഹ് നബിയുടെ സന്തതികളില്‍നിന്നുള്ള ചില സമൂഹങ്ങളെ അല്ലാഹു ആദ്യം ശക്തരും സമ്പന്നരുമാക്കി അനുഗ്രഹിക്കുമെന്നും ദൈവാനുഗ്രഹങ്ങളോട് നന്ദി കാണിക്കാതെ സത്യധര്‍മാദികളില്‍ നിന്നകന്നുപോയതിന്റെ പേരില്‍ പിന്നീടവര്‍ കൊടിയ ശിക്ഷക്കിരയാകുമെന്നും 48-ാം സൂക്തത്തില്‍ സൂചിപ്പിച്ചിട്ടുണ്ടല്ലോ. അത്തരം സമുദായങ്ങളുടെ ഒന്നാമത്തെ ഉദാഹരണമാണ് ഇവിടെ പരാമര്‍ശിക്കുന്ന ആദുവര്‍ഗം. ഇവരെക്കുറിച്ച് അറിയപ്പെട്ട ചില കാര്യങ്ങള്‍ ഈ സൂറയുടെ ആമുഖത്തില്‍ ഉദ്ധരിച്ചിരിക്കുന്നു. ഖുര്‍ആന്‍ നേരത്തെ സൂറ *അല്‍അഅ്റാഫി*ലും *അത്തൗബ*യിലും ഈ ജനതയെ പരാമര്‍ശിച്ചിട്ടുണ്ട്. നൂഹ് നബിക്കു ശേഷമുള്ള ആദ്യത്തെ പ്രവാചകനാണ് ഹൂദ്(അ) എന്ന് തീര്‍ത്തു പറയാനാവില്ല. നൂഹ് നബിയുടെ ഏതെങ്കിലും താവഴികളില്‍ വേറെയും പ്രവാചകന്മാര്‍ ആഗതരായിരിക്കാം. നൂഹിന്റെ വംശപരമ്പരയില്‍ ആദ്യം നശിപ്പിക്കപ്പെട്ട വിഭാഗം ആദ് ആയിരിക്കണം. ആദ് ജനതയുടെ നഷ്ടാവശിഷ്ടങ്ങള്‍ അറേബ്യയില്‍ നിലനില്‍ക്കുന്നുവെന്നതും അവരെക്കുറിച്ചുള്ള കഥകള്‍ അറബികള്‍ക്ക് പരിചിതമാകുന്നു എന്നതും ഖുര്‍ആനില്‍ ഈ ചരിത്രാവതരണം കൂടുതല്‍ പ്രസക്തമാക്കുന്നു.

ഹൂദ് നബിക്ക് മുമ്പും പിമ്പും വന്ന മറ്റെല്ലാ പ്രവാചകന്മാരെയും പോലെ അദ്ദേഹത്തിന്റെയും പ്രഥമവും പ്രധാനവുമായ സന്ദേശം ٱعۡبُدُواْ ٱللَّهَ مَا لَكُم مِّنۡ إِلَٰهٍ غَيۡرُهُۥٓۚ എന്നതുന്നെയായിരുന്നു. ഇത്തരം സന്ദര്‍ഭങ്ങളില്‍ عبادة അതിന്റെ എല്ലാ അര്‍ഥങ്ങളെയും വഹിക്കുന്നതാണ്. മനുഷ്യന്‍ ഭയഭക്തിപ്പെടേണ്ടതും സ്തുതിക്കേണ്ടതും പൂജിക്കേണ്ടതും അനുസരിക്കേണ്ടതും സാക്ഷാല്‍ ദൈവത്തെ, അല്ലാഹുവിനെ മാത്രമാണ്, കാരണം അവനല്ലാതെ മനുഷ്യന്റെ ഭയഭക്തിയും സ്തുതി സ്തോത്രങ്ങളും ആരാധനയും അനുസരണവും അര്‍ഹിക്കുന്ന മറ്റൊരു ദൈവം ഈ അണ്ഡകടാഹത്തിനില്ല. ഇതാണദ്ദേഹം ജനങ്ങളെ ഉല്‍ബോധിപ്പിച്ചത്. പ്രവാചക വര്യന്മാര്‍ പ്രബോധനം ചെയ്യുന്ന 'ഇബാദത്ത്' അല്ലാഹുവിന്റെ ഏകത്വം സമ്മതിക്കുന്നതിലും പ്രാര്‍ഥനയും പൂജാദികര്‍മങ്ങളും അവനില്‍ മാത്രം അര്‍പ്പിക്കുന്ന

തിലും പരിമിതമല്ല. ജീവിതത്തെ സമ്പൂർണമായി ദൈവാഭീഷ്ടമനുസരിച്ച് വാർത്തെടുക്കലാണത്. ആബിദിന്റെ സകല കർമങ്ങളിലും അല്ലാഹുവിനോടുള്ള വിധേയത്വം വിളങ്ങും. അല്ലാഹുവിനോടു വിധേയത്വം വിളങ്ങുന്ന കർമങ്ങളൊക്കെയും സത്യവും ധർമവും സദാചാരവുമായിരിക്കും. അതെല്ലാം ഉൾക്കൊള്ളുന്നതാണ് ഇസ്‌ലാമിലെ ഇബാദത്ത്. ദൈവിക ദീനിനെ പൊതു ജീവിതത്തിൽനിന്ന് മാറ്റി നിർത്താൻ ആഗ്രഹിക്കുന്നവർ ഇബാദത്തിനെ അനുഷ്ഠാനങ്ങളിൽ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നു. നമസ്കാരാദി മുഖ്യ ആരാധനാ ചടങ്ങുകൾ ദീനിന്റെ അടിത്തറയാണ്. അടിത്തറ മാത്രം ഒരു സൗധമാകുന്നില്ല. ഭിത്തികളും മേൽപുരയും മറ്റനതാരികളും ചേരുമ്പോഴേ സൗധമാകൂ.

ഇസ്‌ലാമിന് അതിന്റെ ശൈശവത്തിൽ തന്നെ രണ്ടു വൻശക്തികളോട് –റോമാ, പേർഷ്യൻ സാമ്രാജ്യങ്ങളോട്– ഏറ്റുമുട്ടേണ്ടി വന്നു. അത്തരം സന്ദർഭങ്ങളിൽ വിശ്വാസികൾ നോമ്പുനോറ്റ് പള്ളിയിലെ മുസ്വല്ലകളിലിരിക്കുകയായിരുന്നില്ല. മഅ്ബൂദിന് ഇബാദത്ത് ചെയ്യുക എന്നാലർഥം യഥാർഥത്തിൽ അനുസരിക്കപ്പെടേണ്ട അധിപനെ അനുസരിക്കുക എന്നാണ്. അതായത് അല്ലാഹുവിങ്കൽ നിന്നുള്ള എല്ലാ ആജ്ഞകളും നടപ്പിലാക്കുകയാണ് അല്ലാഹുവിന്നുള്ള ഇബാദത്ത്; ആരാധനാ ചടങ്ങുകളിൽ അല്ലാഹുവിന്റെ ഇഷ്ടവും യഥാർഥ ജീവിത വ്യവഹാരങ്ങളിൽ തന്നിഷ്ടവും നടപ്പിലാക്കുകയല്ല. കർമശാസ്ത്ര പടുക്കൾ കർമശാസ്ത്രത്തെ عبادات (ആരാധനാ കാര്യങ്ങൾ) എന്നും معاملات (വ്യവഹാരികങ്ങൾ) എന്നും വിഭജിച്ചത്, വ്യവഹാരിക ലോകവുമായി ബന്ധമില്ലാത്ത മറ്റൊരു ലോകമാണ് ആരാധനാ ലോകം എന്ന് തെറ്റിദ്ധാരണക്കിടം നൽകുന്നുണ്ട്. വാസ്തവത്തിൽ ഇബാദത്തിന്റെ തന്നെ മറ്റൊരു മുഖമാണ് മുആമലഃ. ആരാധനാ കർമങ്ങൾ അടിസ്ഥാന സ്തംഭങ്ങളാണെന്നു പറയുമ്പോൾ ആ സ്തംഭങ്ങളിൽ നിർമിക്കപ്പെടുന്ന അനന്തര ഘടകങ്ങളാണ് മുആമലാത് എന്നു വരുന്നു. ഇബാദത്തിന്റെ മറ്റൊരധ്യായമാണ് മുആമലഃ. അടിസ്ഥാന സ്തംഭങ്ങളുടെ വികാസം തന്നെയാണത്.

إِنْ أَنتُمْ إِلَّا مُفْتَرُونَ എന്ന വാക്യത്തിലൂടെ ആദുവർഗത്തിന്റെ നിലവിലുള്ള അവസ്ഥയെ നിർവചിച്ചിരിക്കുകയാണ്. إفتراء ൽ നിന്നുള്ള കർതൃ പദത്തിന്റെ ബഹുവചനമാണ് مُفْتَرُونَ. ഇഫ്തിറാഇന്റെ അർഥം *ഖുർആൻ ബോധനം* നേരത്തെ വിശദീകരിച്ചിട്ടുണ്ട്. ഇവിടെ ഈ വാക്യത്തിന്റെ താൽപര്യമിതാണ്. സാക്ഷാൽ ദൈവത്തെ വെടിഞ്ഞ് നിങ്ങൾ ആരാധിച്ചു കൊണ്ടിരിക്കുന്ന ദൈവങ്ങളും മൂർത്തികളും നിങ്ങൾ സൃഷ്ടിച്ച മിഥ്യകൾ മാത്രമാണ്. അവയുടെ പേരിൽ നിങ്ങൾ സ്വീകരിച്ചിട്ടുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും നിയമ വ്യവസ്ഥകളുമെല്ലാം നിരർഥകമാണ്, കൊടിയ കുറ്റകൃത്യങ്ങളും മഹാപാപങ്ങളുമാണ്. അതുവഴി യഥാർഥ ദൈവത്തിൽനിന്ന് നിങ്ങൾ ബഹുദൂരം അകന്നു പോയിരിക്കുന്നു.

**51:** ഹൂദ്(അ) ഇത് പറഞ്ഞത് ഒരു പക്ഷെ ആദ് സമുദായം അദ്ദേഹത്തെ തള്ളിപ്പറഞ്ഞപ്പോഴാവാം. അങ്ങനെയെങ്കിൽ ആശയം ഇതാണ്: വ്യാജസന്ദേശവും വ്യാജ പ്രവർത്തനവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളതെങ്കിൽ എന്റെ പ്രവർത്തനം കൊണ്ട് തീർച്ചയായും ഏതെങ്കിലും ഭൗതികനേട്ടം ഉദ്ദേശിച്ചിരിക്കണം. എന്നാൽ എന്റെ ദൗത്യത്തിന് യാതൊരു ഭൗതികലാഭവും ഞാൻ നിങ്ങളിൽനിന്ന് തേടുന്നില്ല. എന്റെ സമയവും അധ്വാനവും അതിനുവേണ്ടി നിർലോഭം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. എനിക്കുള്ള പ്രതിഫലം എന്നെ നിയോഗിച്ച അല്ലാഹുവിൽനിന്നു മാത്രമേ ഞാൻ തേടുന്നുള്ളൂ. ഇനി ചിന്തിച്ചു നോക്കുക ഒരാൾ ഒരു ഭൗതിക നേട്ടവും കാംക്ഷിക്കാതെ കള്ളവും ചതിയും നടത്താൻ ഇറങ്ങിപ്പുറപ്പെടുകയും ആ സംരംഭത്തിന് തന്റെ വിലപ്പെട്ടതെല്ലാം അർപ്പിക്കുകയും ചെയ്യുമോ? സമുദായത്തിന്റെ നിഷേധം വരുന്നതിനു മുമ്പുതന്നെ അവരിപ്പോൾ പാലിച്ചുപോരുന്നത് അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്നതിനും താൻ അവതരിപ്പിക്കുന്നത് ശുദ്ധ സത്യമാണെന്നതിനും തെളിവായി നടത്തിയതുമാകാം ഈ പ്രസ്താവന. അതായത്, നിങ്ങളുടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമെല്ലാം സ്വാർഥ ലാഭങ്ങൾക്ക് വേണ്ടി ആവിഷ്കരിക്കപ്പെട്ടതും ആചരിച്ചുവരുന്നതുമാണ്. എന്നാൽ എന്റെ സന്ദേശത്തിന്റെ പിന്നിൽ അത്തരം യാതൊരു സ്വാർഥ ലക്ഷ്യവുമില്ല. ഞാൻ നിങ്ങളോട് സമ്പത്തോ സ്ഥാനമാനങ്ങളോ ആവശ്യപ്പെടുന്നില്ല. എന്നെ നിയോഗിച്ച അല്ലാഹുവിൽ മാത്രമാണെന്റെ പ്രതീക്ഷ. തട്ടിപ്പുകാരനും വ്യാജവാദിയുമായ ഒരാൾക്ക് ഇങ്ങനെ സർവസ്വവും ദൈവത്തിലർപ്പിച്ചു പ്രവർത്തിക്കാനാകുമോ എന്ന് നിങ്ങൾ ബുദ്ധിപൂർവം ചിന്തിച്ചുനോക്കുക. ■